## മധുരമായ കുട്ടികളെ – നിങ്ങളിൽ സത്യസന്ധർ അവരാണ് ആരാണോ വിശ്വത്തിന്റെ സേവനം ചെയ്യുന്നത്, അനേകരെ തനിക്ക് സമാനമാക്കുന്നത്, വിശ്രമപ്രിയരല്ലാത്തത്

**ചോദ്യം:–** നിങ്ങൾ ബ്രാഹ്മണ കുട്ടികൾക്ക് ഏതൊരു വാക്ക് ഒരിക്കലും പറയാൻ സാധിക്കില്ല?
**ഉത്തരം:–** നിങ്ങൾ ബ്രാഹ്മണർ ഇങ്ങനെ ഒരിക്കലും പറയില്ല ഞങ്ങൾക്ക് ബ്രഹ്മാവിനോട് ഒരു ബന്ധവുമില്ല, ഞങ്ങൾ നേരിട്ട് ശിവബാബയെയാണ് ഓർമ്മിക്കുന്നത്. ബ്രഹ്മാബാബയുടേതല്ലെങ്കിൽ ബ്രാഹ്മണനെന്ന് പറയാൻ സാധിക്കില്ല, ആർക്കാണോ ബ്രഹ്മാബാബയുമായി കണക്ഷനില്ലാത്തത് അർത്ഥം ആരാണോ ബ്രഹ്മാ മുഖവംശാവലീ ബ്രാഹ്മണരല്ലാത്തത്, അവർ ശൂദ്രരാണ്. ശൂദ്രന് ഒരിക്കലും ദേവതയാകാൻ സാധിക്കില്ല.

**ഓം ശാന്തി**. ആത്മീയ അച്ഛനിരുന്ന് മനസ്സിലാക്കിത്തരുന്നു ദാദയിലൂടെ – കുട്ടികൾ മ്യൂസിയം അഥവാ പ്രദർശിനിയുടെ ഉദ്ഘാടനം ചെയ്യിക്കുന്നുണ്ട് എന്നാൽ ഉദ്ഘാടനം പരിധിയില്ലാത്ത അച്ഛൻ എപ്പോഴേ ചെയ്ത് കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഇത് ശാഖകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പാഠശാലകൾ ധാരാളം വേണ്ടേ. ഒരു പാഠശാല ഇതാണ് അതിലാണ് ബാബ കഴിയുന്നത്, അതിന്റെ പേര് മധുബനെന്ന് വെച്ചിരിക്കുന്നു . കുട്ടികൾക്കറിയാം മധുബനിൽ സദാ മുരളി വായിച്ചുകൊണ്ടിരിക്കുന്നു. ആരുടെ? ഭഗവാന്റെ. ഭഗവാനാണെങ്കിൽ നിരാകാരനാണ്. മുരളി വായിക്കുന്നത് സാകാരരഥത്തിലൂടെയാണ്. അദ്ദേഹത്തിന്റെ പേര് വെച്ചിരിക്കുന്നു ഭാഗ്യശാലി രഥം. ഇത് ആർക്കും മനസ്സിലാക്കാൻ സാധിക്കും. ഇതിലാണ് ബാബ പ്രവേശിക്കുന്നത്, ഇത് നിങ്ങൾ കുട്ടികൾ മാത്രമാണ് മനസ്സിലാക്കുന്നത്. മറ്റാരും രചയിതാവിനെയും അറിയുന്നില്ല, രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തെയും അറിയുന്നില്ല. ഗവർണർ മുതലായ വലിയ ആളുകളെക്കൊണ്ട് മാത്രം ഉദ്ഘാടനം ചെയ്യിക്കുന്നു. ഇതും ബാബ എപ്പോഴും എഴുതാറുണ്ട് ആരെക്കൊണ്ടാണോ ഉദ്ഘാടനം ചെയ്യിക്കുന്നത്, അവർക്ക് ആദ്യം പരിചയം കൊടുക്കണം അതായത് – ബാബ എങ്ങനെയാണ് പുതിയ ലോകം സ്ഥാപിക്കുന്നത്. അതിന്റേതാണ് ഈ ശാഖ തുറന്നിരിക്കുന്നത്. ആരെങ്കിലുമൊക്കെ കൊണ്ട് തുറപ്പിക്കുന്നത് അവരുടെയും മംഗളം ഉണ്ടാകാൻ വേണ്ടിയാണ്. ബാബ വന്നിരിക്കയാണ് ഇതെങ്കിലും മനസ്സിലാക്കും. ബ്രഹ്മാവിലൂടെ വിശ്വത്തിൽ ശാന്തിയുടെ രാജ്യത്തിന്റെ അഥവാ ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെസ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഉദ്ഘാടനം നടന്നു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഇത് ശാഖകളാണ് തുറന്നുകൊണ്ടിരിക്കുന്നത്, ബാങ്കിന്റെ ശാഖകൾ തുറക്കുന്നത് പോലെ. ബാബയ്ക്ക് തന്നെ വന്ന് ജ്ഞാനം നൽകണം. ഈ ജ്ഞാനം പരംപിതാ പരമാത്മാവിൽ മാത്രമാണുള്ളത് അതുകൊണ്ടാണ് ബാബയെ തന്നെ ജ്ഞാന സാഗരനെന്ന് പറയുന്നത്. ആത്മീയ അച്ഛനിൽ മാത്രമാണ് ആത്മീയ ജ്ഞാനമുള്ളത്, അത് വന്ന് ആത്മാക്കൾക്ക് നൽകുന്നു. മനസ്സിലാക്കി തരുന്നു – അല്ലയോ കുട്ടികളെ, അല്ലയോ ആത്മാക്കളെ, നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവെന്ന പേര് സാധാരണമാണ്. മഹാൻ ആത്മാവ്, പുണ്യാത്മാവ്, പാപാത്മാവ് എന്ന് പറയാറുണ്ട്. അതുകൊണ്ട് ആത്മാവിന് പരംപിതാ പരമാത്മാവായ ബാബയും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. അച്ഛൻ എന്തിനാണ് വരുന്നത്? തീർച്ചയായും കുട്ടികൾക്ക് സമ്പത്ത് നൽകാനാണ്. ശേഷം സതോപ്രധാന പുതിയ ലോകത്തിലേക്ക് വരണം. ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കുമെന്ന് പറയാറുണ്ട്. പുതിയതാകട്ടെ പഴയതാകട്ടെ രണ്ട് ലോകത്തിലും മനുഷ്യർ തന്നെയാണുള്ളത്. ബാബ പറയുന്നു ഞാൻ വന്നിരിക്കുന്നു പുതിയ ലോകം രചിക്കുന്നതിന്. മനുഷ്യരെ കൂടാതെ ലോകം ഉണ്ടായിരിക്കില്ല. പുതിയ ലോകത്തിൽ ദേവീ-ദേവതകളുടെ രാജ്യമായിരുന്നു. ഇപ്പോൾ വീണ്ടും അതിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ശൂദ്രരിൽ നിന്ന് ബ്രാഹ്മണരായിരിക്കുന്നു. വീണ്ടും നിങ്ങളെ ബ്രാഹ്മണനിൽ നിന്ന് ദേവതയാക്കാൻ വന്നിരിക്കുന്നു. നിങ്ങൾക്ക് ഇത് കേൾപ്പിച്ചുകൊടുക്കാൻ സാധിക്കും അതായത് ബാബ ഇങ്ങനെയാണ് മനസ്സിലാക്കി തരുന്നത്, നിങ്ങൾക്ക് എങ്ങനെ പുതിയ ലോകത്തിലേക്ക് പോകാൻ സാധിക്കും. ഇപ്പോഴാണെങ്കിൽ നിങ്ങളുടെ ആത്മാവ് പതിതവും വികാരിയുമാണ് അതിനിപ്പോൾ നിർവ്വികാരിയാകണം. ജന്മ-ജന്മാന്തരങ്ങളുടെ പാപങ്ങളുടെ ഭാരം തലയിലുണ്ട്. പാപം എപ്പോൾ മുതലാണ് ആരംഭിക്കുന്നത്? അതും ബാബ പറഞ്ഞു തരുന്നു. ബാബ എത്ര വർഷത്തേക്കാണ് പുണ്യാത്മാവാക്കുന്നത്? ഇതും ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം. 21 ജന്മം പുണ്യാത്മാവായിരിക്കുന്നു പിന്നീടാണ് പാപാത്മാവാകുന്നത്. എവിടെയാണോ പാപമുണ്ടാകുന്നത് അവിടെ ദുഃഖം തന്നെയായിരിക്കും. പാപവും എങ്ങനെയുള്ളതാണ്? അതും ബാബ പറഞ്ഞ് തരുന്നു. ഒന്ന് നിങ്ങൾ ധർമ്മത്തിന്റെ ഗ്ലാനി ചെയ്യുന്നു. നിങ്ങൾ എത്രയാണ് പതിതമായിരിക്കുന്നത്. എന്നെ വിളിച്ചുകൊണ്ടേ വന്നു-അല്ലയോ പതിത പാവനാ വരൂ, ആ ഞാനിപ്പോൾ

വന്നിരിക്കുന്നു. പാവനമാക്കി മാറ്റുന്ന ബാബയെ നിങ്ങൾ ഗ്ലാനി ചെയ്തു, നിന്ദ ചെയ്യുന്നു അതുകൊണ്ടാണ് നിങ്ങൾ പാപാത്മാവായിരിക്കുന്നത്. പറയുന്നുമുണ്ട് അല്ലയോ പ്രഭൂ ജന്മ-ജന്മാന്തരത്തെ പാപിയാണ്, വന്ന് പാവനമാക്കൂ. അതുകൊണ്ട് ബാബ മനസ്സിലാക്കി തരുന്നു ആരാണോ ഏറ്റവും കൂടുതൽ ജന്മം എടുത്തിട്ടുള്ളത്, അദ്ദേഹത്തിന്റെ തന്നെ വളരെ ജന്മങ്ങളുടെ അന്തിമത്തിൽ വന്ന് പ്രവേശിക്കുന്നു. ബാബ വളരെ ജന്മങ്ങളെന്ന് ഏതിനെയാണ് പറയുന്നത്? കുട്ടികളെ 84 ജന്മങ്ങളെ. ആരാണോ ആദ്യമാദ്യം വന്നിട്ടുള്ളത്, അവർ തന്നെയാണ് 84 ജന്മം എടുക്കുന്നത്. ഏറ്റവും ആദ്യം ഈ ലക്ഷ്മീ-നാരായണനാണ് വരുന്നത്. ഇവിടെ നിങ്ങൾ വരുന്നത് തന്നെ നരനിൽ നിന്ന് നാരായണനാകുന്നതിന് വേണ്ടിയാണ്. കഥയും സത്യ നാരായണന്റേതാണ് കേൾപ്പിക്കുന്നത്. എപ്പോഴെങ്കിലും രാമനും-സീതയുമാകുന്നതിന്റെ കഥ ആരെങ്കിലും കേൾപ്പിച്ചിട്ടുണ്ടോ? ഇത് അവരുടെ ഗ്ലാനിയാണ് ചെയ്തിരിക്കുന്നത്. ബാബ നരനിൽ നിന്ന് നാരായണൻ, നാരിയിൽ നിന്ന് ലക്ഷ്മി തന്നെയാണ് ആക്കുന്നത്. ഒരിക്കലും അവരുടെ നിന്ദ ആരും ചെയ്യുന്നില്ല. ബാബ പറയുന്നു ഞാൻ രാജയോഗമാണ് പഠിപ്പിക്കുന്നത്. വിഷ്ണുവിന്റെ രണ്ട് രൂപമാണ് ഈ ലക്ഷ്മീ-നാരായണൻ. കുട്ടിക്കാലത്ത് രാധയും-കൃഷ്ണനുമാണ്. ഇവർ സഹോദരനും-സഹോദരിയുമല്ല, വേറെ വേറെ രാജക്കൻമാരുടെ മക്കളായിരുന്നു. അത് മഹാരാജകുമാരൻ, അത് മഹാരാജകുമാരി, അവരെ സ്വയംവരത്തിന് ശേഷം ലക്ഷ്മീ-നാരായണനെന്ന് പറയുന്നു. ഈ എല്ലാ കാര്യങ്ങളൊന്നും ഒരു മനുഷ്യനും അറിയുന്നില്ല. കൽപം മുൻപ് ഈ കാര്യങ്ങളെല്ലാം ആരുടെ ബുദ്ധിയിലാണോ ഇരുന്നിട്ടുണ്ടായിരിക്കുക അവരുടെ മാത്രം ബുദ്ധിയിലിരിക്കും. ഈ ലക്ഷ്മീ-നാരായണന്റെ, രാധാ-കൃഷ്ണന്റെ എല്ലാവരുടെയും ക്ഷേത്രമുണ്ട്, വിഷ്ണുവിന്റെയും ക്ഷേത്രമുണ്ട്, അതിനെയാണ് നര-നാരായണന്റെ ക്ഷേത്രമെന്ന് പറയുന്നത്. കൂടാതെ പിന്നീട് ലക്ഷ്മിയുടെയും നാരായണന്റെയും തനിച്ചുള്ള ക്ഷേത്രങ്ങളുമുണ്ട്. ബ്രഹ്മാവിന്റെയും ക്ഷേത്രമുണ്ട്. ബ്രഹ്മ ദേവതാ നമഃ, പിന്നീട് പറയുന്നു ശിവ പരമാത്മായ നമഃ, ശിവനപ്പോൾ വേറെയാണല്ലോ. ദേവതകളെ ഒരിക്കലും ഭഗവാനെന്ന് പറയില്ല. അതുകൊണ്ട് ബാബ മനസ്സിലാക്കി തരുന്നു ആദ്യം ആരെക്കൊണ്ടാണോ ഉദ്ഘാടനം ചെയ്യിക്കുന്നത്, അവർക്ക് മനസ്സിലാക്കി കൊടുക്കണം, വിശ്വത്തിൽ ശാന്തി സ്ഥാപനാർത്ഥം ഭഗവാൻ അടിത്തറയിട്ടിരിക്കുന്നു. വിശ്വത്തിൽ ശാന്തി ലക്ഷ്മീ-നാരായണന്റെ രാജ്യത്തിൽ ഉണ്ടായിരുന്നില്ലേ. ഇവർ സത്യയുഗത്തിന്റെ അധികാരികളായിരുന്നില്ലേ. അപ്പോൾ മനുഷ്യനെ നരനിൽ നിന്ന് നാരായണൻ, നാരിയിൽ നിന്ന് ലക്ഷ്മിയാക്കുന്നതിന്റെ വളരെ വലിയ യൂണിവേഴ്സിറ്റിയാണിത് അഥവാ ഈശ്വരീയ വിശ്വ വിദ്യാലയമാണ്. വിശ്വ വിദ്യാലയമെന്ന് ധാരാളം പേർ പേര് വച്ചിട്ടുണ്ട്. വാസ്തവത്തിൽ അതൊന്നും വിശ്വ വിദ്യാലയങ്ങളല്ല. വിശ്വമെന്നാൽ മുഴുവൻ ലോകവുമായി. മുഴുവൻ ലോകത്തിലും പരിധിയില്ലാത്ത ബാബ ഒരേഒരു കോളേജാണ് തുറക്കുന്നത്. നിങ്ങൾക്കറിയാം വിശ്വത്തിൽ പാവനമാകുന്നതിനുള്ള വിശ്വ വിദ്യാലയം ഇതൊന്നു മാത്രമാണ്, ഏതൊന്നാണോ ബാബ സ്ഥാപിക്കുന്നത്. നമ്മൾ മുഴുവൻ വിശ്വത്തെയും ശാന്തിധാമം, സുഖധാമത്തിലേക്ക് കൊണ്ട് പോകുന്നു അതുകൊണ്ടാണ് ഇതിനെ ഈശ്വരീയ വിശ്വ വിദ്യാലയമെന്ന് പറയുന്നത്. ഈശ്വരൻ വന്ന് മുഴുവൻ വിശ്വത്തിനും മുക്തി- ജീവൻ മുക്തിയുടെ സമ്പത്ത് നൽകുന്നു. ബാബയുടെ കാര്യം എവിടെക്കിടക്കുന്നു ഇവരെല്ലാം പറഞ്ഞുകൊണ്ടിരിക്കുന്ന യൂണിവേഴ്സിറ്റി എവിടെക്കിടക്കുന്നു. വിശ്വം അർത്ഥം മുഴുവൻ ലോകത്തെയും പരിവർത്തനപ്പെടുത്തുക ഇത് ബാബയുടെ മാത്രം കർത്തവ്യമാണ്. അങ്ങനെയുള്ള നമ്മളെ ഈ പേര് വെയ്ക്കാൻ അനുവദിക്കുന്നില്ല എന്നാൽ ഗവൺമെന്റ് സ്വയം വയ്ക്കുന്നു. ഇത് നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കണം, അതും ആദ്യം തന്നെ മനസ്സിലാക്കി കൊടുക്കരുത്. പറയൂ, ഞങ്ങളുടെ പേര് തന്നെ ബ്രഹ്മാകുമാരൻ- കുമാരി എന്നാണ്. ഇദ്ദേഹത്തിന് ബ്രഹ്മാവെന്ന പേര് തന്നെ അപ്പോഴാണ് വന്നത് എപ്പോഴാണോ ബാബ വന്ന് രഥമാക്കിയത്. പ്രജാപിതാവെന്ന പേര് പ്രസിദ്ധമല്ലേ. അദ്ദേഹം എവിടെ നിന്നാണ് വന്നത്? ബ്രഹ്മാവിന്റെ അച്ഛന്റെ പേരെന്താണ്? ബ്രഹ്മാവിനെ ദേവതയായി കാണിക്കുന്നില്ലേ. ദേവതകളുടെ പിതാവ് തീർച്ചയായും പരമാത്മാവ് തന്നെയായിരിക്കും. പരമാത്മാവാണ് രചയിതാവ്, ബ്രഹ്മാവിനെ പറയും ഏറ്റവും ആദ്യത്തെ രചന. ബ്രഹ്മാവിന്റെ അച്ഛനാണ് ശിവബാബ, ആ ബാബ പറയുന്നു ഞാൻ ഇദ്ദേഹത്തിൽ പ്രവേശിച്ച് ഇദ്ദേഹത്തിന്റെ പരിചയം നിങ്ങൾക്ക് തരുന്നു.

അതുകൊണ്ട് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം - ഇത് ഈശ്വരീയ മ്യൂസിയമാണ്. ബാബ പറയുന്നു എന്നെ വിളിച്ചത് തന്നെ അല്ലയോ പതിത പാവനാ വരൂ, വന്ന് പതിതത്തിൽ നിന്ന് പാവനമാക്കൂ എന്നാണ്. അല്ലയോ കുട്ടികളെ, അല്ലയോ ആത്മാക്കളെ, നിങ്ങൾ നിങ്ങളുടെ അച്ഛനെ ഓർമ്മിക്കുകയാണെങ്കിൽ പതിതത്തിൽ നിന്ന് പാവനമായി തീരും. മൻമനാഭവ ഈ അക്ഷരം ഗീതയുടേത് തന്നെയാണ്. ഭഗവാൻ ഒരേഒരു ജ്ഞാന സാഗരൻ പതിത പാവനനാണ്, കൃഷ്ണൻ പതിത പാവനനാകുക സാധ്യമല്ല. കൃഷ്ണന് പതിത ലോകത്തിൽ വരാൻ സാധിക്കില്ല. പതിത ലോകത്തൽ പതിത പാവനനായ ബാബ തന്നെയാണ് വരിക. ഇപ്പോൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാപം ഭസ്മമാകും. എത്ര

സഹജമായ കാര്യമാണ്. ഭഗവാനുവാചയെന്ന ശബ്ദം തീർച്ചയായും ചേർക്കണം. പരംപിതാ പരമാത്മാവ് പറയുകയാണ് കാമ വികാരം മഹാശത്രുവാണ്. ആദ്യം നിർവ്വികാരീ ലോകമായിരുന്നു, ഇപ്പോൾ വികാരീ ലോകമാണ്. ദുഃഖം തന്നെ ദുഃഖമാണ്. നിർവ്വികാരിയാകുകയാണെങ്കിൽ പിന്നീട് സുഖം തന്നെ സുഖമായിരിക്കും. അതുകൊണ്ട് ഇത് മനസ്സിലാക്കി കൊടുക്കണം കാമം മഹാശത്രുവാണ്, ഇതിനുമേൽ വിജയിക്കുന്നതിലൂടെ നിങ്ങൾ ജഗത് ജീത്താകും. ഒരു ബാബയെ ഓർമ്മിക്കൂ. ഞങ്ങളും അവരെയാണ് ഓർമ്മിക്കുന്നത്. ഏതുപോലെയാണോ ഏതെങ്കിലും കോളേജ് തുറക്കുകയാണെങ്കിൽ ഉദ്ഘാടനം ചെയ്യിക്കാറില്ലേ. ഇതും കോളേജാണ്, ധാരാളം സെന്ററുകളുണ്ട്. സെന്ററുകളിൽ ടീച്ചർമാരെ നിയമിച്ചിരിക്കുന്നു. ടീച്ചർമാരും തീർച്ചയായും ശ്രദ്ധിക്കണം. ബാബ പുതിയ-പുതിയ സെന്ററുകളിൽ നല്ല-നല്ല ബ്രാഹ്മണിമാരെ വയ്ക്കുന്നത് ഇതിന് വേണ്ടിയാണ് അതായത് വേഗം വേഗം തനിക്ക് സമാനമാക്കി പിന്നീട് മറ്റ് സെന്ററുകളിലേക്ക് സേവനം എടുക്കാനായി ഓടണം. നോക്കും ആർക്കാർക്കാണ് നല്ല രീതിയിൽ മുരളി പഠിച്ച് കേൾപ്പിക്കുവാൻ സാധിക്കുന്നത്, മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നുണ്ടെങ്കിൽ അവരോട് പറയും ഇപ്പോൾ നിങ്ങൾ ഇവിടെയിരുന്ന് ക്ലാസ്സെടുക്കൂ. ഇങ്ങനെ പരിശീലിപ്പിച്ച്, അവരെ ഇരുത്തി അടുത്ത സ്ഥലത്തേക്ക് സെന്റർ സ്ഥാപിക്കാൻ പോകണം. ബ്രാഹ്മണികളുടെ ജോലിയാണ് ഒരു സ്ഥലത്ത് സെന്റർ സ്ഥാപിച്ച് അടുത്ത സ്ഥലത്തേക്ക് സ്ഥാപിക്കാൻ പോകുക. ഓരോ ഓരോ ടീച്ചർക്കും 10-20 സെന്റർ സ്ഥാപിക്കണം. വളരെ സേവനം ചെയ്യണം. കട തുറന്നുകൊണ്ടേ പോകണം തനിക്ക് സമാനമാക്കി ആർക്കെങ്കിലും ചുമതല കൊടുക്കണം. മനസ്സിൽ വരണം-ആരെയെങ്കിലും തനിക്ക് സമാനമാക്കി തയ്യാറാക്കുകയാണെങ്കിൽ വേറെയും സെന്റർ തുറക്കാം. എന്നാൽ ഇങ്ങനെ ആത്മാർത്ഥതയുള്ള വളരെ വിരളം പേരാണുള്ളത്. സത്യസന്ധർ എന്ന് അവരെയാണ് പറയുന്നത് ആരാണോ മുഴുവൻ വിശ്വത്തിന്റെയും സേവനം ചെയ്യുന്നത്. ഒരു സെന്റർ തുറന്നു, തനിക്ക് സമാനമാക്കി, പിന്നീട് അടുത്ത സ്ഥലത്ത് പോയി സേവനം ചെയ്തു. ഒരു സ്ഥലത്ത് ഉടക്കിയിരിക്കരുത്. ശരി, ഇനി ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ വേറെ ജോലി ചെയ്യൂ. അതിൽ ദേഹ-അഭിമാനം വരരുത്. ഞാൻ വലിയ വീട്ടിലേതാണ്, ഈ ജോലി എങ്ങനെ ചെയ്യും..... എനിക്ക് വേദനിക്കും. കുറച്ച് ജോലി ചെയ്യുമ്പോഴേക്കും എല്ല് വേദനിക്കും, ഇതിനെ ദേഹ-അഭിമാനമെന്ന് പറയുന്നു. ഒന്നും മനസ്സിലാക്കുന്നില്ല, മറ്റുള്ളവരുടെ സേവനം ചെയ്യേണ്ടേ അത് പിന്നീട് അവരും എഴുതും ബാബാ  ഇന്ന ആൾ എനിക്ക് മനസ്സിലാക്കി തന്നു, എന്റെ ജീവിതം നന്നാക്കി. സേവനത്തിന്റെ തെളിവ് ലഭിക്കണം. ഓരോരുത്തരും ടീച്ചറാകണം. പിന്നീട് സ്വയം എഴുതണം- ബാബാ എനിക്ക് പിറകിൽ ധാരാളം സഹായികളുണ്ട്, ഞാൻ വളരെ പേരെ എനിക്ക് സമാനമാക്കിയിട്ടുണ്ട്, ഞാൻ സെന്ററുകൾ തുറന്നുകൊണ്ടേയിരിക്കും. ഇങ്ങനെയുള്ള കുട്ടികളെയാണ് പറയുന്നത് പുഷ്പം. സേവനം ചെയ്യുന്നില്ലെങ്കിൽ എങ്ങനെ പുഷ്പമാകും. പൂക്കളുടെ പൂന്തോട്ടമല്ല.

അപ്പോൾ ഉദ്ഘാടനം ചെയ്യുന്നവർക്കും മനസ്സിലാക്കി കൊടുക്കണം. ഞങ്ങൾ ബ്രഹ്മാകുമാർ-കുമാരിമാരാണ്. ശൂദ്രരിൽ നിന്ന് ബ്രാഹ്മണരായി ദേവതയാകുന്നു. ബാബ ഈ ബ്രാഹ്മണകുലത്തിന്റെയും സൂര്യവംശീ-ചന്ദ്രവംശീ കുലത്തിന്റെയും സ്ഥാപന ചെയ്യുന്നു. ഈ സമയത്ത് എല്ലാവരും ശൂദ്ര വർണ്ണികളാണ്. സത്യയുഗത്തിൽ ദേവതാ വർണ്ണത്തിന്റേതായിരുന്നു പിന്നീട് ക്ഷത്രിയൻ, വൈശ്യ വർണ്ണത്തിന്റേതായി. ബാബ അറിയുന്നുണ്ട് എത്ര പോയന്റുകളാണ് കുട്ടികൾ മറന്ന് പോകുന്നത്. ഏറ്റവും ആദ്യം ബ്രാഹ്മണ വർണ്ണം, പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനം. ബ്രഹ്മാവ് എവിടെ നിന്ന് വന്നു. ഇത് ബ്രഹ്മാവല്ലേ ഇരിക്കുന്നത്. നല്ലരീതിയിൽ മനസ്സിലാക്കി കൊടുക്കണം. ബ്രഹ്മാവിലൂടെ സ്ഥാപന, ആരുടെ? ബ്രാഹ്മണരുടെ. പിന്നീട് അവരെ പഠിപ്പിച്ച് ദേവതയാക്കുന്നു. നമ്മൾ ബാബയിൽ നിന്ന് പഠിച്ചുകൊണ്ടിരിക്കുകയാണ്. അവർ ഭഗവാനുവാചായെന്ന് എഴുതി വച്ചിരിക്കുന്നത് അർജ്ജുനനെ പ്രതിയാണ്. ഇപ്പോൾ അർജ്ജുനൻ ആരായിരുന്നു, ആർക്കും അറിയില്ല. നിങ്ങൾക്കറിയാം നമ്മൾ ബ്രഹ്മാവിന്റെ സന്താനങ്ങൾ ബ്രാഹ്മണരാണ്. അഥവാ ആരെങ്കിലും പറയുകയാണ് ഞങ്ങൾ ശിവബാബയുടെ സന്താനങ്ങളാണ്, ബ്രഹ്മാവിനോട് ഞങ്ങൾക്ക് ഒരു സംബന്ധവുമില്ല എങ്കിൽ പിന്നീട് അവരെങ്ങനെ ദേവതയാകും? ബ്രഹ്മാവിലൂടെ തന്നെയല്ലേ ആകുക. ശിവബാബ നിങ്ങളോട് എങ്ങനെ, ആരിലൂടെയാണ് പറഞ്ഞത് എന്നെ ഓർമ്മിക്കൂ എന്ന്? ബ്രഹ്മാവിലൂടെയല്ലേ പറഞ്ഞത്. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികളല്ലേ. ബ്രഹ്മാകുമാർ-കുമാരിയെന്ന് പറയുന്നു. നമ്മൾ ബ്രഹ്മാവിന്റെ കുട്ടികളാണ്. അപ്പോൾ തീർച്ചയായും ബ്രഹ്മാവിനെ ഓർമ്മവരും. ശിവബാബ ബ്രഹ്മാ ശരീരത്തിലൂടെയാണ് പഠിപ്പിക്കുന്നത്. ബ്രഹ്മാബാബ ഇടയിലുണ്ട്. ബ്രാഹ്മണനാകാതെ എങ്ങനെ ദേവതയാകാൻ സാധിക്കും. ഞാൻ ഏത് രഥത്തിലാണ് വരുന്നത്, അവരെയും അറിയേണ്ടേ. ബ്രാഹ്മണനാകണം. ബ്രഹ്മാവിനെ അച്ഛനെന്ന് പറയുന്നില്ലെങ്കിൽ എങ്ങനെ സന്താനവുമാകും. സ്വയം ബ്രാഹ്മണനാണെന്ന് മനസ്സിലാക്കുന്നില്ലെങ്കിൽ ശൂദ്രനാണെന്നാണ് അർത്ഥം. ശൂദ്രനിൽ നിന്ന് ഉടൻ തന്നെ ദേവതയാകാൻ ബുദ്ധിമുട്ടാണ്. ബ്രാഹ്മണനായി ശിവബാബയെ ഓർമ്മിക്കാതെ എങ്ങനെ ദേവതയാകാൻ സാധിക്കും, ഇതിൽ സംശയിക്കേണ്ട പോലും

ആവശ്യമില്ല. അതുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നവർക്കും മനസ്സിലാക്കി കൊടുക്കണം അതായത് ബാബയിലൂടെ ഉദ്ഘാടനം നടന്നിരിക്കുന്നു. താങ്കളോടും പറയുകയാണ് കേവലം ബാബയെ ഓർമ്മിക്കുകയാണെങ്കിൽ പാപം മുറിയും. ആ ബാബ തന്നെയാണ് പതിത പാവനൻ പിന്നീട് നിങ്ങൾ പാവനമായി ദേവതയായിമാറും. കുട്ടികൾക്ക് വളരെ സേവനം ചെയ്യാൻ സാധിക്കും. പറയൂ ഞങ്ങൾ ബാബയുടെ സന്ദേശമാണ് നൽകുന്നത്. എപ്പോൾ സമയം ലഭിക്കുന്നോ, സേവനം ചെയ്യൂ. സമയമാണെങ്കിൽ ധാരാളം ലഭിക്കുന്നുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) പുതിയ-പുതിയ സെന്ററുകളുടെ വൃദ്ധിക്കായി തനിക്ക് സമാനമാക്കുന്നതിന്റെ സേവനം ചെയ്യണം. സെന്ററുകൾ തുറന്നുകൊണ്ടേ പോകണം. ഒരുസ്ഥലത്ത് തന്നെ ഇരിക്കരുത്.

2) പൂക്കളുടെ പൂന്തോട്ടം തയ്യാറാക്കണം. ഓരോരുത്തർക്കും പുഷ്പമായി മറ്റുള്ളവരെയും തനിക്ക് സമാനം പുഷ്പമാക്കണം. ഒരു സേവനത്തിലും ദേഹ-അഭിമാനം വരരുത്.

## വരദാനം:-സർവ്വ വസ്തുക്കളുടെയും ആസക്തിയിൽ നിന്ന് നിർമ്മോഹിയായിരിക്കുന്ന അനാസക്തവും പ്രകൃതീജീത്തുമായി ഭവിക്കട്ടെ.

ഏതെങ്കിലും വസ്തു കർമ്മേന്ദ്രിയങ്ങളെ ശ്രദ്ധ വ്യതിചലിപ്പിക്കുന്നു അഥവാ ആസക്തിയുടെ ഭാവം ഉണ്ടാകുന്നുവെങ്കിൽ പോലും നിർമ്മോഹിയാകുക സാദ്ധ്യമല്ല. ഇച്ഛകൾ തന്നെയാണ് ആസക്തികളുടെ രൂപം. പലരും പറയാറുണ്ട് ഇച്ഛയൊന്നുമില്ല പക്ഷെ നല്ലതായി തോന്നുന്നു. അപ്പോൾ ഇതും സൂക്ഷ്മ ആസക്തിയാണ്-ഇതിനെ സൂക്ഷ്മ രൂപത്തിൽ പരിശോധിക്കൂ അതായത് ഈ വസ്തു അതായത് അൽപകാല സുഖത്തിനുള്ള സാധനം ആകർഷിക്കുന്നില്ലല്ലോ? ഈ പദാർത്ഥം പ്രകൃതിയുടെ സാധനമാണ്, എപ്പോൾ ഇതിൽ നിന്ന് അനാസക്തം അതായത് നിർമ്മോഹിയാകുന്നുവോ അപ്പോൾ പ്രകൃതിജീത്തായി മാറും.

## സ്ലോഗൻ:- എന്റെ-എന്റെ എന്ന നൂലാമാലകളെ വിട്ട് പരിധിയില്ലാത്തതിൽ ഇരിക്കൂ അപ്പോൾ പറയാം വിശ്വ മംഗളകാരി.